**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **30-09-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ അഗ്നിരക്ഷാനിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ പാലോട് അനുമതിയായ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പാലോട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പാലോട് സ്റ്റേഷൻ നിർമ്മാണത്തിനായി ലഭിച്ച 34.5 സെൻറ് സർക്കാർ വക ഭൂമിയിൽ ഉള്ള കെട്ടിടത്തിൽ ഒരു പുതിയ ഫയർ സ്റ്റേഷനായി ആവശ്യമായ ഭൗതിക സാഹചര്യമില്ല . ആയതിനാൽ ആത്യാവശ്യം ഭൗതിക സൗകര്യങ്ങളോട്ടുകൂടിയ ഒരു അഗ്നിരക്ഷാ നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തിൻ്റെ ടോപ്പോഗ്രാഫിക്കൽ സർവ്വേ റിപ്പോർട്ടും വകുപ്പ് അംഗീകരിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ ബേസിക് പ്ലാനിന്റെ പകർപ്പും ഫയർ&റസ്ക്യൂ സർവീസസ് വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. . 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ vol II ക്രമ.നം.413 പ്രകാരം 1 കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ പ്ര,സ്തുത തുകയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കികൊണ്ട് പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | 2025-26 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തൽസ്ഥിതി അറിയിക്കാമോ; | (ബി) | 2025-26 സംസ്ഥാന ബജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയ്ക്ക് വനിതാ പുരുഷ ജീവനക്കാരുടെ വിശ്രമമുറികൾ, വനിതാ-പുരുഷ ജീവനക്കാരുടെ ടോയ്‌ലറ്റ് സൗകര്യങ്ങൾ, 50,000 ലിറ്റർ ശേഷിയുള്ള ജലസംഭരണി, കുടിവെള്ള സ്രോതസ്/സംഭരണി, ചുറ്റുമതിൽ തുടങ്ങിയ functional requirements ഉൾപ്പെടുത്തി പ്ലാൻ തയ്യാറാക്കുന്നതിനു ഫയർ&റസ്ക്യൂ സർവീസസ് വകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | പുതിയ കെട്ടിടത്തിനായി മറ്റേതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ഡി) | വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ ആൻ്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ 260 ലക്ഷം രൂപ വിനിയോഗിച്ച് പുതുതായി നിർമ്മിച്ച് കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ പാകുന്നതിനും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ 65,00,000/- രൂപയുടെ എസ്റ്റിമേറ്റിന് 26/09/2025 ലെ സ.ഉ.(സാധാ)3333/2025/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കെട്ടിടത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സമർപ്പിച്ച മിച്ചമുള്ള പ്രവൃത്തികളുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ ആൻ്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ 260 ലക്ഷം രൂപ വിനിയോഗിച്ച് പുതുതായി നിർമ്മിച്ച് കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ പാകുന്നതിനും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ 65,00,000/- രൂപയുടെ എസ്റ്റിമേറ്റിന് 26/09/2025 ലെ സ.ഉ.(സാധാ)3333/2025/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ